**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **12-02-2025 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളെ അന്തർദേശീയ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | **കേരളത്തെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനാണ് ടൂറിസം വകുപ്പ് മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി വിനോദ സഞ്ചാരികളുടെ വിന്യാസം സംസ്ഥാനത്താകെ വ്യാപിപ്പിക്കുക എന്നതിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു. മലബാർ മേഖലയിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനും മലബാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുമുള്ള വ്യത്യസ്ത പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് വരുന്നു.**<br><br>**മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ വികസിപ്പി ക്കുകയും ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു. മലബാറിന്റെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പദ്ധതികളാണ് നടപ്പിലാക്കുന്നത്.**<br><br>**കേരള ടൂറിസം ഉൽപ്പന്നങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നവ മാധ്യമങ്ങളിലൂടെയും പ്രിന്റ് മീഡിയ വഴിയും വിവിധ പ്രചരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ദേശീയ അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന വിവിധ ട്രേഡ് മീറ്റുകളിലും ബിസിനസ് മീറ്റുകളിലും കേരളത്തിലെ ടൂർ ഓപ്പറേറ്റർ/ ഹോട്ടലുടമകൾ തുടങ്ങിയവരെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ഇത്തരം മേളകളിൽ ബ്രോഷറുകൾ, കോഫി ടേബിൾ ബുക്ക് എന്നിവ വഴിയും കേരളത്തിലെ മലബാർ ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പ്രചരിപ്പിച്ചുവരുന്നു. മലബാറിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയുള്ള E-Brochure നിർമാണം പുരോഗമിച്ച് വരുന്നു. മലബാറിലെ ടൂറിസം** |

**കേന്ദ്രങ്ങളുടെ അന്തർദേശീയ വിപണനം ലക്ഷ്യമിട്ട് മലബാർ ബിടുബി മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മലബാറിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയ പ്പെടുത്തുന്നതിന് ഇതിലൂടെ സാധിച്ചു. ടൂറിസം പ്രചരണത്തിന്റെ ഭാഗമായി മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് ബ്ലോഗേഴ്സിനെ എത്തിക്കുകയും അന്തർദേശീയ തലത്തിൽ പ്രചരണം നടത്തുകയും ചെയ്യുന്നു. CBL മലബാറിലേക്ക് വ്യാപിപ്പിച്ചു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ മലബാർ മേഖലയിൽ നടപ്പിലാക്കുന്നു. സർക്കാർ പുതുതായി ആരംഭിച്ച ലിറ്ററി സർക്യൂട്ട് മലബാർ മേഖലയിലെ സാംസ്കാരിക ടൂറിസത്തെ പരിപോഷിപ്പിക്കും. ഇതിന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ തുടരുകയാണ്.**

- ബേപ്പൂർ-ചാലിയം ബീച്ചുകളുടെ വികസനത്തിനുള്ള ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തിയാവുന്നു. രണ്ടു ബീച്ചുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതാണ് പദ്ധതി. ബേപ്പൂർ രണ്ടാം ഘട്ടപ്രവർത്തികൾക്കായി 14.99 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു.
- മലബാർ മേഖലയിലെ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്സറാക്ക്, പൊന്നാനി, തൃത്താല, നിളാതീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി" നടപ്പിലാക്കി വരുന്നു. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയവരുമായി അഭേദ്യമായി ബന്ധപ്പെട്ടിടങ്ങളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങൾ.
- മലനാട് റിവർ ക്രൂയിസ് പദ്ധതിയിലുൾപ്പെട്ട പദ്ധതികളുടെ നിർമാണം പൂർത്തീകരിച്ചു.
- **ഏറ്റവും മികച്ച ഡ്രൈവ് - ഇൻ - ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിനെ പ്രധാന ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത** പ്രോജക്റ്റിൽ 4 ക്യാരക്ടർ ഏരിയ ആയി തിരിച്ചിട്ടുണ്ട്. ഇതിൽ ക്യാരക്ടർ ഏരിയ ഒന്നിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

- തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെട്ട 11 പദ്ധതികളിൽ 8 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു, 3 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.
- മലപ്പുറം പൊന്നാനിയിൽ 7.56 കോടി രൂപയുടെ നിള ഹെറിറ്റേജ് മ്യൂസിയം പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.
- ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ എൻ ഊര്, പൂക്കോട് തടാകം, എടക്കൽ കേവ്സ്, തിരുനെല്ലി ടെംപിൾ, എന്നിവയുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
- വയനാട് ജില്ലയിലെ കാരാപ്പുഴ, പൂക്കോട് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.
- **ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന്റെ ഭാഗമായി ബേക്കലിലെ മൂന്നാമത്തെ പഞ്ച നക്ഷത്ര ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു. മറ്റൊരു റിസോർട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്**
- **മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി : മലബാറിലെ പുഴകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി. പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടികൾ നിർമ്മിച്ചിട്ടുണ്ട്. ഡെസ്റ്റിനേഷൻ പ്രമോഷനായുള്ള വിപണന പ്രചരണ നടപടികൾ നടത്തി വരുന്നു. മലബാർ മേഖലയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിധ്യമാർന്ന താമസ സൗകര്യങ്ങൾ അനിവാര്യമാണ്. KTDC യുടെ നേതൃത്വത്തിൽ മുഴപ്പിലങ്ങാട് സ്റ്റാർ ഹോട്ടലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ബേക്കലിൽ നേരത്തേ പൂർത്തിയാകാതിരുന്ന ഹോട്ടൽ നിർമ്മാണ പ്രവൃത്തികൾ പുനഃരാരംഭിച്ചു. ഒരു സ്റ്റാർ ഹോട്ടൽ നിർമ്മാണം പൂർത്തിയാക്കി. ഒരു സ്റ്റാർ ഹോട്ടൽ പ്രവൃത്തി തുടരുന്നുണ്ട്. സ്വകാര്യ മേഖലയിൽ അക്കോമഡേഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകുന്നു. ഇതോടൊപ്പം വിവിധ പ്രാദേശിക ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു .**

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നും ഓരോ പദ്ധതികളുടെയും നിലവിലെ പുരോഗതിയും അറിയിക്കാമോ; | (ബി) | **കേരളത്തെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനാണ് ടൂറിസം വകുപ്പ് മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി വിനോദ സഞ്ചാരികളുടെ വിന്യാസം സംസ്ഥാനത്താകെ വ്യാപിപ്പിക്കുക എന്നതിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. മലബാർ മേഖലയിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനും മലബാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുമുള്ള വ്യത്യസ്ത പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു.**<br><br>**മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ വികസിപ്പി ക്കുകയും ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു. മലബാറിന്റെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പദ്ധതികളാണ് നടപ്പിലാക്കുന്നത്.**<br><br>**കേരള ടൂറിസം ഉൽപ്പന്നങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നവ മാധ്യമങ്ങളിലൂടെയും പ്രിന്റ് മീഡിയ വഴിയും വിവിധ പ്രചരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ദേശീയ അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന വിവിധ ട്രേഡ് മീറ്റുകളിലും ബിസിനസ് മീറ്റുകളിലും കേരളത്തിലെ ടൂർ ഓപ്പറേറ്റർ/ ഹോട്ടലുടമകൾ തുടങ്ങിയവരെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ഇത്തരം മേളകളിൽ ബ്രോഷറുകൾ, കോഫി ടേബിൾ ബുക്ക് എന്നിവ വഴിയും കേരളത്തിലെ മലബാർ ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പ്രചരിപ്പിച്ചുവരുന്നു. മലബാറിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയുള്ള E-Brochure നിർമാണം പുരോഗമിച്ച് വരുന്നു. മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടെ അന്തർദേശീയ വിപണനം ലക്ഷ്യമിട്ട് മലബാർ ബിടുബി മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മലബാറിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയ പ്പെടുത്തുന്നതിന് ഇതിലൂടെ സാധിച്ചു. ടൂറിസം പ്രചരണത്തിന്റെ ഭാഗമായി മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് വ്ലോഗേഴ്സിനെ എത്തിക്കുകയും അന്തർദേശീയ തലത്തിൽ പ്രചരണം നടത്തുകയും ചെയ്യുന്നു. CBL മലബാറിലേക്ക് വ്യാപിപ്പിച്ചു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ മലബാർ മേഖലയിൽ നടപ്പിലാക്കുന്നു. സർക്കാർ പുതുതായി ആരംഭിച്ച ലിറ്റററി സർക്യൂട്ട് മലബാർ മേഖലയിലെ സാംസ്കാരിക ടൂറിസത്തെ പരിപോഷിപ്പിക്കും. ഇതിന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ തുടങ്ങുകയാണ്.** |

- ബേപ്പൂർ-ചാലിയം ബീച്ചുകളുടെ വികസനത്തിനുള്ള ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തിയാവുന്നു. രണ്ടു ബീച്ചുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതാണ് പദ്ധതി. ബേപ്പൂർ രണ്ടാം ഘട്ടപ്രവർത്തികൾക്കായി 14.99 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു.
- മലബാർ മേഖലയിലെ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, പൊന്നാനി, തൃത്താല, നിളാതീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി" നടപ്പിലാക്കി വരുന്നു. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയവരുമായി അഭേദ്യമായി ബന്ധപ്പെട്ടിടങ്ങളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങൾ.
- മലനാട് റിവർ ക്രൂയിസ് പദ്ധതിയിലുൾപ്പെട്ട പദ്ധതികളുടെ നിർമാണം പൂർത്തീകരിച്ചു.
- **ഏറ്റവും മികച്ച ഡ്രൈവ് - ഇൻ - ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിനെ പ്രധാന ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത** പ്രോജക്റ്റിൽ 4 ക്യാരക്ടർ ഏരിയ ആയി തിരിച്ചിട്ടുണ്ട്. ഇതിൽ ക്യാരക്ടർ ഏരിയ ഒന്നിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെട്ട 11 പദ്ധതികളിൽ 8 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു, 3 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.
- മലപ്പുറം പൊന്നാനിയിൽ 7.56 കോടി രൂപയ്ക്ക് നിള ഹെറിറ്റേജ് മ്യൂസിയം പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.
- ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ എൻ ഊര്, പൂക്കോട് തടാകം, എടക്കൽ കേവ്സ്, തിരുനെല്ലി ടെംപിൾ, എന്നിവയുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | <ul><li>വയനാട് ജില്ലയിലെ കാരാപ്പുഴ, പൂക്കോട് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.</li><li>**ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന്റെ ഭാഗമായി ബേക്കലിലെ മൂന്നാമത്തെ പഞ്ച നക്ഷത്ര ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു. മറ്റൊരു റിസോർട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്**</li><li>**മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി : മലബാറിലെ പുഴകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി. പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടികൾ നിർമ്മിച്ചിട്ടുണ്ട്. ഡെസ്റ്റിനേഷൻ പ്രമോഷനായുള്ള വിപണന പ്രചരണ നടപടികൾ നടത്തി വരുന്നു. മലബാർ മേഖലയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിധ്യമാർന്ന താമസ സൗകര്യങ്ങൾ അനിവാര്യമാണ്. KTDC യുടെ നേതൃത്വത്തിൽ മുഴപ്പിലങ്ങാട് സ്റ്റാർ ഹോട്ടലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ബേക്കലിൽ നേരത്തേ പൂർത്തിയാകാതിരുന്ന ഹോട്ടൽ നിർമ്മാണ പ്രവൃത്തികൾ പുനഃരാരംഭിച്ചു. ഒരു സ്റ്റാർ ഹോട്ടൽ നിർമ്മാണം പൂർത്തിയാക്കി. ഒരു സ്റ്റാർ ഹോട്ടൽ പ്രവൃത്തി തുടരുന്നുണ്ട്. സ്വകാര്യ മേഖലയിൽ അക്കോമഡേഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകുന്നു. ഇതോടൊപ്പം വിവിധ പ്രാദേശിക ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു** .</li></ul> |
| (സി) | മലബാർ മേഖലയിൽ വിനോദസഞ്ചാരികൾക്കായി വൈവിധ്യമാർന്ന താമസസൗകര്യങ്ങൾ ഒരുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (സി) | വയനാട്ടിൽ എത്തുന്ന വിനോദസഞ്ചാരികൾക്കായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) യുടെ നേതൃത്വത്തിൽ വൈവിധ്യമാർന്ന ടെന്റ് സ്റ്റേകൾക്കും അഡ്വഞ്ചർ ആക്ടിവിറ്റികൾക്കും അനുമതി നൽകിവരുന്നുണ്ട്. ഹോംസ്റ്റേ, സർവിസ്ഡ് വില്ല, മഡ് ഹൗസുകൾ, പുല്ലുമേഞ്ഞ വീടുകൾ, ട്രീ ഹൗസുകൾ, റിസോർട്ടുകൾ തുടങ്ങിയ താമസസൗകര്യങ്ങൾ വയനാട്ടിൽ നിലവിലുണ്ട്. കൂടാതെ മലബാർ മേഖലയിലെ മറ്റ് ജില്ലകളിൽ ക്ലാസ്സിഫിക്കേഷൻ വഴി ഹോംസ്റ്റേ, സർവീസ്ഡ് വില്ല, ഗൃഹസ്ഥലി എന്നീ സ്കീമുകൾ വഴി താമസസൗകര്യം വിനോദ സഞ്ചാരികൾക്കായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി അതിഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി നിലവിൽ 9 അതിഥി മന്ദിരങ്ങൾ ഉണ്ട്. മലബാർ മേഖലയിൽ എത്തുന്ന വിനോദസഞ്ചാരികൾക്കു കൂടുതൽ മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണം, പുതിയ അഡിഷണൽ ബ്ലോക്ക് നിർമ്മാണം, യാത്രി നിവാസ് നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br><br>സുൽത്താൻ ബത്തേരിയിൽ 21.57 കോടി രൂപ ചെലവഴിച്ച് ആധുനിക സൌകര്യങ്ങളോടെ നിർമ്മിക്കുന്ന പുതിയ സർക്കാർ അതിഥി മന്ദിരത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കോഴിക്കോട് യാത്രിനിവാസിന്റെ നവീകരണത്തിനായി ഒൻപത് കോടി രൂപ അനുവദിക്കുകയുണ്ടായി. ആയതും അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.<br><br>ഗുരുവായൂരിൽ 31.95 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പുതിയ അതിഥി മന്ദിരത്തിന്റെ നിർമ്മാണം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി ഗസ്റ്റ് ഹൗസിൽ 50 സ്റ്റാൻഡേർഡ് മുറികളും 4 സ്യൂട്ട് മുറികളും 1 പ്രസിഡൻഷ്യൽ സ്യൂട്ടും ഉണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളിയിൽ 10 കോടി രൂപ ചെലവിൽ യാത്രിനിവാസ് നിർമ്മാണം പുരോഗമിച്ച് വരികയാണ്. ടി യാത്രിനിവാസിൽ 23 സ്റ്റാൻഡേർഡ് മുറികളും 1 സ്യൂട്ട് മുറിയും ഉൾപ്പെടുന്നു. |
| (ഡി) | മലബാറിലെ വിവിധ ഫെസ്റ്റിവലുകളെ വിനോദസഞ്ചാരവുമായി കോർത്തിണക്കാൻ പദ്ധതികളുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇന്ത്യയിലെ ഏറ്റവും വലിയ വാട്ടർ ഫെസ്റ്റിവൽ ആയ 'ബേപ്പൂർ ഇന്റർനാഷനൽ വാട്ടർ ഫെസ്റ്റിവൽ' എല്ലാവർഷവും കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ബീച്ചിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. എല്ലാ വർഷവും ഡിസംബർ അവസാന വാരം നടക്കുന്ന ഈ വാട്ടർ ഫെസ്റ്റിവലിൽ സ്വദേശികളും വിദേശികളും ആയ ധാരാളം ആളുകൾ പങ്കെടുത്ത് വരുന്നുണ്ട്.<br><br>മലബാർ റിവർ ഫെസ്റ്റിവൽ - വൈറ്റ് വാട്ടർ കയാക്കിങ്. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പഞ്ചായത്തിലെ ഇരുവഴിഞ്ഞി പുഴയിലും ചാലിപ്പുഴയിലുമായി സംഘടിപ്പിക്കുന്ന വൈറ്റ് വാട്ടർ കയാക്കിങ് മത്സരങ്ങളിൽ സ്വദേശികളും വിദേശികളും ആയ ധാരാളം ആളുകൾ പങ്കെടുത്ത് വരുന്നുണ്ട്.<br><br>ഇത്തരം ഫെസ്റ്റിവലുകളെക്കുറിച്ച് ടൂറിസം വകുപ്പിന്റെയും ഡി.ടി.പി.സി.യുടെയും |

വെബ്സൈറ്റുകളിലൂടെയും ടൂറിസം വകുപ്പിന്റെ ബ്രോഷറുകളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും ആഗോളതലത്തിൽ പരസ്യ പ്രചാരണം നടത്താറുണ്ട്. ബ്ലോഗേർസ്/ വ്ലോഗേഴ്സ് ഇത്തരം ഫെസ്റ്റുകൾക്ക് പ്രചാരണം നൽകുന്നുണ്ട്. തൽഫലമായി ഇത്തരം ഫെസ്റ്റുകളിൽ ആയിരക്കണക്കിന് സ്വദേശീയരും വിദേശീയരും പങ്കെടുക്കുന്നുണ്ട്.

മലബാറിലെ വിവിധ ഉത്സവങ്ങൾ തദ്ദേശീയ/ അന്തർദേശീയ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുന്നതിൽ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ തലശ്ശേരി പൈതൃക പദ്ധതി ഈ ലക്ഷ്യം മുൻനിർത്തിയുള്ളതായിരുന്നു. ധർമ്മടം അണ്ടല്ലൂർ കാവ്, തലശ്ശേരി മുൻസിപ്പാലിറ്റിയിലെ ജഗന്നാഥ ക്ഷേത്രം, ശ്രീരാമസ്വാമി ക്ഷേത്രം, ചിറക്കക്കാവ്, കതിരൂർ സൂര്യനാരായണ ക്ഷേത്രം, പെരളശ്ശേരി ക്ഷേത്രം, മക്രേരി അമ്പലം, പിണറായി വൈരിഘാതക ക്ഷേത്രം, കൊട്ടിയൂർ അമ്പലം, തൊടീക്കളം ക്ഷേത്രം, മൃതങ്ക ശൈലേശ്വരി ക്ഷേത്രം, ഊർപഴശ്ശി കാവ്, വളപട്ടണം കക്കുളങ്ങര പള്ളി, സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് എന്നിവിടങ്ങളെ കൂട്ടിയോജിപ്പിച്ച് ബൃഹത് പദ്ധതി പൂർത്തീകരിച്ച് വരികയാണ്. ഡി.റ്റി.പി.സി യുടെ ആഭിമുഖ്യത്തിൽ തെയ്യം കലണ്ടർ പ്രസിദ്ധീകരിക്കുകയും തെയ്യക്കാലത്ത് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുകയും ചെയ്യുന്നു. തെയ്യം കേന്ദ്രീകരിച്ചുള്ള പ്രചരണവും സംഘടിപ്പിക്കുന്നുണ്ട്. തെയ്യം, തിറ, കളരിപ്പയറ്റ് ഉടങ്ങിയവയെ ഉൾപ്പെടുത്തി ടൂറിസം പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ചാമ്പ്യൻസ് ബോട്ട് ലീഗ് അഞ്ചരക്കണ്ടി പുഴയിൽ നടപ്പിലാക്കിയത് ഗ്രാമീണ ജല ഉത്സവങ്ങൾക്ക് ഊർജം പകർന്നിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ ഗ്രാമീണമായ കൂട്ടായ്മകളിൽ അടയാളപ്പെടുത്തേണ്ട ഉത്സവങ്ങളായ പിണറായി പെരുമ, മയ്യിൽ അരങ്ങുത്സവം, തളിപ്പറമ്പ ഹാപ്പിനെസ്സ് ഫെസ്റ്റിവൽ, വിവിധ തെയ്യങ്ങൾ, പൊന്ന്യത്തങ്കം എന്നിവയെ ടൂറിസം വകുപ്പ് പ്രമോട്ട് ചെയ്യാറുണ്ട്. ടൂറിസം വകുപ്പിന്റെ അനുബന്ധമായി പ്രവർത്തിക്കുന്ന കണ്ണൂർ ഡിറ്റിപിസിയുടെ ഭാഗമായി വിവിധ റണ്ണുകൾ, ഉത്സവങ്ങൾ, തലശ്ശേരി ഹെറിറ്റേജ് റൺ എന്നിവ നടത്തിവരുന്നു.

| | | | |
|---|---|---|---|
| | | | വള്ളിയൂർക്കാവ് ഉത്സവം, പള്ളിക്കുന്ന് പള്ളി പെരുന്നാൾ, വാരാമ്പറ്റ മഖാം ഉറൂസ് തുടങ്ങിയവ പ്രധാനപ്പെട്ട ആഘോഷങ്ങളാണ്. കൂടാതെ വയനാട്ടിലെ തനത് കലാരൂപങ്ങൾ, മഡ് ഫുട്ബോൾ തുടങ്ങിയവ വിനോദ സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ടതാണ്. ഇവ വിനോദ സഞ്ചാരവുമായി കോർത്തിണക്കുന്ന പദ്ധതികൾ ആലോചനയിലാണ്.<br><br>വിവിധ സാംസ്കാരിക/ ഇതര ഉത്സവങ്ങൾക്ക് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ